ണ്ട് പോരിക. എന്നാൽ അവിടം മലവെള്ളത്തിന്റെ പാച്ചൽ കൊണ്ട് ഇപ്പോൾ അത്യഗാധമായിതീർന്നിരിക്കുന്നു. ഇവയെപ്പറ്റി അനേകം ഹർജികളും ബോധിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങൾ പേഷ്കാരവർകൾ സൂക്ഷ്മദൃഷ്ടിയാൽ കണ്ടറിയുകയുണ്ടായി. ഇതൊക്കെ പരമസങ്കടമാണ്. അതിനാൽ ഞങ്ങൾക്കു് ഒരു പ്രത്യേക പുതിയ വഴി ഉണ്ടാക്കിത്തരികയോ, ഉള്ളതിൽക്കൂടെതന്നെ നടക്കാൻ സ്വാതന്ത്ര്യം തരികയോ, ചെയ്യില്ലെങ്കിൽ ഞങ്ങൾക്കു് യാതൊരു നിവൃത്തിയും ഇല്ല. (ഇതും പേഷ്കാരവർകൾക്കു് അനുഭവത്തിൽ പെട്ടിട്ടുണ്ട്). ഒരിക്കൽ ഇവകളൊക്കെ കാണിച്ചുകൊടുക്കാൻ പേഷ്കാരവർകളെ കൂട്ടിക്കൊണ്ടുപോയപ്പോൾ അദ്ദേഹത്തെ അനുഗമിച്ചു് കുറെ വാഹനങ്ങളും ഉദ്യോഗസ്ഥന്മാരും ഒക്കെ ഉണ്ടായിരുന്നു. ഞങ്ങൾക്കു് അദ്ദേഹം പോകുന്നവഴിയിൽക്കൂടി ചെല്ലാൻ നിവൃത്തിയില്ലായിരുന്നതുകൊണ്ടു് കുറെ അകലെവെച്ചു് ഒരു പേലി വെട്ടിപ്പൊളിപ്പിച്ചാണു് അദ്ദേഹം ഞങ്ങളെ കടത്തിവിട്ടതു്. ഒരു പ്രത്യേക സൗകര്യത്തിനു് ഒരു പ്രത്യേക വഴി വെട്ടിക്കൊടുക്കുക എന്നതു് പലനഷ്ടങ്ങളും താങ്ങിക്കൊണ്ടിരിക്കുന്ന ഗവർമ്മെണ്ടിനു് കൂടുതൽ വ്യയമാണെന്നു് മിസ്റ്റർ രാമയ്യർ പറഞ്ഞതു് ശരിതന്നെ. ഞാനും യോജിക്കുന്നു. പക്ഷെ വഴിനടക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു വഴി വെട്ടിയാൽ അവിടേയുള്ള ആ വഴിക്കാർക്കു് ഒരു വലിയ രക്ഷ ഉണ്ടാകുന്നതാണു്. അവിടേയുള്ളവർ മിക്കവാറും യാഥാസ്ഥിതികന്മാർ ആകുന്നു. ഉള്ള വഴിയിൽക്കൂടെതന്നെ നടക്കണമെന്നൊഴുകും ആ സാധുക്കൾ വാദിക്കുന്നില്ല. അതുകൊണ്ടു് ഈ വഴിക്കായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും എല്ലാവരും സദയം സാധുകരിക്കണമെന്നു് ഞാൻ എല്ലാവരോടും അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ. സി. ഇട്ടിരവി നമ്പൂതിരി (അന്തിക്കാട്).

ബഹുമാനപ്പെട്ട അദ്ധ്യക്ഷനവർകളെ,

വരുന്ന 1101-ാമാണ്ടിലെ ആയവ്യയക്കണക്കിന്മേൽ അഭിപ്രായം പറയുവാൻ അനുവാദം നൽകിയ മഹാരാജാവുതിരുമനസ്സിലോടും ബഹുമാനപ്പെട്ട കൊച്ചി ഗവർമ്മെണ്ടിനോടും വളരെ നന്ദി പറഞ്ഞുകൊണ്ടു് എനിക്കു് അല്പമായി തോന്നിയിട്ടുള്ളവയെ താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

കൃഷി ഡിപ്പാർട്ടുമേണ്ടു്.

ഈ ഡിപ്പാർട്ടുമേണ്ടു് വളരെ പണം ചിലവുചെയ്തു് ഏർപ്പെട്ടത്തീട്ടുള്ള സെന്ററൽ ഫാറം (മാതൃകാകൃഷിത്തോട്ടം) ജനങ്ങൾക്കു് എത്രത്തോളം ഉപകാരവും ഫലപ്രദവും ആയിട്ടുണ്ടെന്നുള്ള ഒരന്വേഷണം ഗവർമ്മെണ്ടു് ചെയ്യുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. ഈമാതിരി മാതൃകാതോട്ടംകൊണ്ടുണ്ടാവുന്നതിനേക്കാൾ എത്രയോ അധികവും വിശേഷവുമായ ഒരു മാതിരിയിൽ നാട്ടുപുറങ്ങളിൽ ഓരോ കൃഷിക്കാരേക്കൊണ്ടു് ഡിപ്പാർട്ടുമേണ്ടിന്റെ ഉപദേശവും സഹകരണവുംകൊടുത്തു് കൃഷി ചെയ്യിക്കയും സാധുക്കളായ കൃഷിക്കാർക്കു് വിത്തു്, വളം, കന്നുകാലി ഇതുകളെ വാങ്ങിക്കുവാൻ മുതലായ പലവിശ

LIBRARY ARCHIVES Kerala Legislative Assembly

ക്കു് കൃഷിവായ്പകൾ കൊടുക്കുന്നതായാൽ ഇപ്പോഴത്തേക്കാൾ കൃഷിക്കു വളരെ ഗുണപ്രദമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. അങ്ങനെ ചെയ്താൽ ഡിപ്പാർട്ടുമെണ്ടിനു് ഇത്ര വലിയ ഒരു സംഖ്യ ചിലവു കൂടാതെ കഴിക്കാവുന്നതാണു്. കൃഷി എന്നു് പറഞ്ഞപ്പോൾ എനിക്കു് ഒന്നാമതായി ഓർമ്മവരുന്നതു് കോൾ കൃഷിയെപ്പറ്റിയാണു്. കോൾ കൃഷിയെപ്പറ്റി ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനോടു് കൃഷിക്കാർ മുട്ടിപ്പായി 12 കൊല്ലങ്ങളായി ചെയ്യുന്ന യാതൊരുപേക്ഷകളും ഗുണകരമായവിധത്തിൽ സംഭവിക്കാത്തതിൽ വ്യസനിക്കയല്ലാതെ യാതൊരു നിവൃത്തിയും കാണുന്നില്ല. ഈ രാജ്യത്തു കോൾ കൃഷിയാളം അപകടവും നഷ്ടവും സംഭവിക്കുന്നതുമായ വേറൊരു കൃഷികളും ഇല്ലെന്നുള്ള സംഗതി നിർവ്വിവാദമാണു്. ഈ സംഗതികൾ എല്ലാം അറിഞ്ഞ ഗവർമ്മെണ്ടു് 96-ൽ ഏർപ്പെടുത്തിയ കോൾകമ്മിറ്റിയുടെ ശിപാർശികൾ യാതൊന്നും പ്രവൃത്തിയിൽ വരാത്തതു് രാജ്യത്തിനു് വളരെ ഹാനികരമാണെന്നു സംഗതി ഗവർമ്മെണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു.

ഫൊറസ്റ്റ് ആൻഡ് ടിംബർ.

ഈ രണ്ടു ഡിപ്പാർട്ടുമെണ്ടുകളെപ്പറ്റി ബഹുമാനപ്പെട്ട വല മെമ്പർമാരും പറഞ്ഞിട്ടുള്ള സംഗതികളോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വിശിഷ്യാ ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് കൃഷിക്കാർക്കു് സർക്കാർ കാടുകളിൽനിന്നു് കൃഷിക്കാവശ്യമായ മുളകൾ മുറിച്ചെടുപ്പാൻ വലിയ ഒരു സംഖ്യ കരാർക്കാണമായി വസൂൽചെയ്യുന്നതു് വളരെവിഷമകരമാണെന്നുമാത്രമല്ല, കച്ചവടക്കാരിൽനിന്നുവാങ്ങുന്ന കരാർക്കാണത്തെക്കാൾ കൂടുതലായി കൃഷിക്കാരോടു കരാർക്കാണം വസൂൽചെയ്യുന്നതു് ഏറ്റവും പരിതാപകരവും ദോഷകരവുമാകുന്നു.

ഫൈനാൻസു് ഡിപ്പാർട്ടുമെണ്ടു്—ട്രഷ്യകാരവകുപ്പു്.

വലിയ ഒരു സംഖ്യ ചിലവുചെയ്തു് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തിട്ടും അടുത്തു് കൊച്ചു് കൊല്ലങ്ങളായി പണാപഹരണക്കേസ്സുകൾ വർദ്ധിച്ചുകാണുന്നതു് ഒരു വിധവും സഹിക്കുവയ്യാത്ത വീഴ്ചയാണെന്നു് പറയാതെ നിവൃത്തിയില്ല. പുതിയ വകുപ്പധ്യക്ഷൻ മേലാൽ ശ്രദ്ധിക്കുമെന്നു വിചാരിച്ചു് സമാധാനിക്കുന്നു.

വിദ്യാഭ്യാസം.

ഈ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി വളരെ മെമ്പർമാർ പറഞ്ഞിട്ടുള്ളതിനോടു് ഞാൻ ബലമായി യോജിക്കുന്നു. എന്നാൽ കഴിയുന്നതും ഉപജീവനപ്രദമായ തൊഴിലുകൾ അഭ്യസിപ്പിക്കുന്നതു് വളരെ നന്നായിരിക്കുമെന്നതാണു്. വിദ്യാഭ്യാസമേലധ്യക്ഷൻ ഈ സംഗതിയിൽ പരിശ്രമിക്കുമെന്നു് വിചാരിച്ചു് ഞാൻ ഈ സംഗതിയെ കുറിച്ചു് അധികമൊന്നും പറയുന്നില്ല.

ശുചീകരണം.

ഈ ഡിപ്പാർട്ടുമെണ്ടു് നഗരങ്ങളിൽ വളരെ പരിശ്രമങ്ങൾ ചെയ്തുവരുന്നുണ്ടു്. എങ്കിലും സാധുക്കൾ വസിക്കുന്നതായ നാട്ടുപുറങ്ങളിൽ വേണ്ടതു് ചെയ്യുന്നില്ലെന്നു് പറയാതെ നിവൃത്തിയില്ല. അതിലും കൂടുതൽ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly